**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5557** **03-11-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുമ്പും ശേഷവും നിലമ്പൂർ നിയോജക മണ്ഡലത്തിലുണ്ടായിരുന്ന ആകെ റേഷൻ കാർഡുകളുടെ എണ്ണം വിവിധതരം റേഷൻ കാർഡുകളുടെ തരതിരിച്ചുള്ള എണ്ണം എന്നിവ ലഭ്യമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുമ്പ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ മണ്ഡലം അടിസ്ഥാനമാക്കിയല്ല റേഷൻകാർഡുകളുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത നിയമം നടപ്പാക്കിയതിനു ശേഷം നിലമ്പൂർ മണ്ഡലം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. താരതമ്യം ലഭ്യമല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 154,80,040 എണ്ണം അംഗങ്ങളാണ്. ആയതിനാൽ ടി വിഭാഗത്തിലെ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ ഓരോ താലൂക്കിനും ആനുപാതികമായ എണ്ണത്തിൽ മാത്രമേ അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | മേൽ താരതമ്യങ്ങളിൽ നിന്നും ഏതുതരം റേഷൻ കാർഡുകളിലാണ് വലിയ തോതിലുള്ള അന്തരമുണ്ടായിട്ടുള്ളതെന്നും ആയതിനുള്ള കാരണങ്ങളും വിശദമാക്കാമോ; മുൻഗണനാ വിഭാഗങ്ങളിൽ കൂടുതൽ റേഷൻകാർഡുകൾ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | അന്നപൂർണ പദ്ധതിയിൽ ഉൾപ്പെട്ട എത്ര റേഷൻ കാർഡുകളാണ് നിലമ്പൂർ നിയോജക മണ്ഡലത്തിലുള്ളതെന്ന് അറിയിക്കാമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ട റേഷൻ കാർഡുകൾ നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഇല്ല. അഗതികളും അശരണരുമായ വൃദ്ധ ജനങ്ങൾക്ക് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ 2000-ൽ ആവിഷ്കരിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. ടി പദ്ധതിയിൽ സംസ്ഥാനത്തിന് ഉൾപ്പെടുത്താൻ കഴിയുന്ന ഗുണഭോക്താക്കളുടെ പരിധി 44980 ആണ്. പ്രസ്തുത പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്. 1. അപേക്ഷകന്റെ പ്രായം 65 വയസ്സോ അതിനു മുകളിലോ ആയിരിക്കണം. 2. സ്വന്തമായോ കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസുകളിലൂടെയോ ഉള്ള വരുമാനംകൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം. 3. അപേക്ഷകൻ നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NoAPS) മറ്റ് സംസ്ഥാന സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി പ്രകാരമോ പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ഇപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി 01.04.2000 മുതൽ സംസ്ഥാനത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്താൻ യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്താൻ റവന്യൂ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ എത്ര വെൽഫയർ ഹോസ്റ്റലുകൾ, പട്ടിക വിഭാഗ ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് നിലവിൽ റേഷൻ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവയുടെ പട്ടിക ലഭ്യമാക്കാമോ? | (ഡി) | 8 സ്ഥാപനങ്ങൾ. പട്ടിക അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-1</u>**

| ക്രമ നം. | **ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിന് ശേഷം** | |
|---|---|---|
| | വിഭാഗം | കാർഡുകളുടെ എണ്ണം |
| 1 | എ.എ.വൈ | 5818 |
| 2 | പി.എച്ച്.എച്ച് | 30829 |
| 3 | എൻ.പി(എസ്) | 20221 |
| 4 | എൻ.പി(എൻ.എസ്) | 39678 |
| | എൻ.പി(ഐ) | 43 |
| | **ആകെ** | **96589** |

**അനുബന്ധം-2**

| SL NO: | NAME OF INSTITUTION |
|---|---|
| 1 | EDAKKARA MUSLIM ORPHANAGE MUNDA POST EDAKKARA |
| 2 | MADARU DA WATHIL ISLAMIYAA GIRLS ORPHANAGE AND DESTITUTE HOME CM NAGAR KARULAI POST NILAMBUR |
| 3 | CHUNGATHARA ORPHANAGE ANDIKKUNNU CHUNGATHARA |
| 4 | ISLAMIC CHARITY CENTRE ERUMAMUNDA POST CHUNGATHARA VIA |
| 5 | GOVERNMENT AYURVEDA HOSPITAL EDAKKARA EDAKKARA THEYYATHUMPADAM POST KOUKAD |
| 6 | MAJMAU ORPHANAGE VIDYA NAGAR NILAMBUR PO MALAPPURAM DIST |
| 7 | KARUNALAYAM VRIDHAMANDIRAM MALABAR MARTHOMA MISSION COMPLEX UPPADA |
| 8 | KARUNALAYAM HALF WAY HOME MALABAR MARTHOMA MISSION COMPLEX UPPADA |